**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** | **01-02-2023 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈൻ പദ്ധതി സംബന്ധിച്ച സർക്കാരിന്റെ അന്തിമ നിലപാട് വ്യക്തമാക്കാമോ; | (എ) | കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും |
| (ബി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടുനൽകേണ്ട ജനങ്ങളുടെ ആശങ്കയും എതിർപ്പും സംസ്ഥാനം ഏറ്റെടുക്കേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയും പരിഗണിച്ച് പ്രസ്തുത പദ്ധതി ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ചാകും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുക. ഇതുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം, പബ്ലിക്ക് ഹിയറിംഗ് തുടങ്ങിയവ നടത്തുന്നതാണ്. പ്രസ്തുത പഠന റിപ്പോർട്ട് എക്സ്പേർട്ട് ഗ്രൂപ്പ് അപ്രൈസൽ കമ്മിറ്റി അവലോകനം ചെയ്യുന്നതുമാണ്. കൃത്യമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പു വരുത്തി മാത്രമെ ഭൂമി ഏറ്റെടുക്കുകയുള്ളൂ. ഇത്തരത്തിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടുനൽകേണ്ട ജനങ്ങളുടെ ആശങ്കയും എതിർപ്പും എല്ലാം ദൂരീകരിച്ചു കൊണ്ട് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയുള്ളു.<br><br>സിൽവർലൈൻ പദ്ധതിക്കു വേണ്ടി വരുന്ന വായ്പ തുകയായ 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ് ലോണുകൾക്ക് 0.5 - 1.5 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. FIRR : 8.49% (CP 50 yrs) Economic IRR : 24.04 (CP 50 yrs) ആയിട്ടുള്ള ഈ പദ്ധതിയുടെ ലോൺ തുക 50 വർഷത്തിനകം തിരിച്ചടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻറിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകുകയും ചെയ്തിരുന്നു. കൂടാതെ സിൽവർലൈൻ സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ വായ്പാ സമാഹരണത്തിനായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണ് എന്ന തീരുമാനം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. |
| (സി) | സർക്കാരും സർക്കാർ ഏജൻസികളും ഏറ്റെടുക്കുന്ന എല്ലാ വായ്പകളും സംസ്ഥാനത്തിന്റെ ബാധ്യതയായി കണക്കാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ നയം വ്യക്തമായ സാഹചര്യത്തിൽ, ധന ഉത്തരവാദിത്ത നിയമത്തിന്റെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പദ്ധതിക്കുവേണ്ട സാമ്പത്തിക വായ്പകൾ എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ചാകും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുക. ഇതുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം, പബ്ലിക്ക് ഹിയറിംഗ് തുടങ്ങിയവ നടത്തുന്നതാണ്. പ്രസ്തുത പഠന റിപ്പോർട്ട് എക്സ്പേർട്ട് ഗ്രൂപ്പ് അപ്രൈസൽ കമ്മിറ്റി അവലോകനം ചെയ്യുന്നതുമാണ്. കൃത്യമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പ വരുത്തി മാത്രമെ ഭൂമി എറ്റെടുക്കുകയുള്ളൂ. ഇത്തരത്തിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടുനൽകേണ്ട ജനങ്ങളുടെ ആശങ്കയും എതിർപ്പും എല്ലാം ദൂരീകരിച്ചു കൊണ്ട് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയുള്ളൂ.<br><br>സിൽവർലൈൻ പദ്ധതിക്കു വേണ്ടി വരുന്ന വായ്പ തുകയായ 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ് ലോണുകൾക്ക് 0.5 - 1.5 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. FIRR : 8.49% (CP 50 yrs) Economic IRR : 24.04 (CP 50 yrs) ആയിട്ടുള്ള ഈ പദ്ധതിയുടെ ലോൺ തുക 50 വർഷത്തിനകം തിരിച്ചടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻറിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകുകയും ചെയ്തിരുന്നു. കൂടാതെ സിൽവർലൈൻ |

| | | | |
|---|---|---|---|
| | | | സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ വായ്പാ സമാഹരണത്തിനായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണ് എന്ന തീരുമാനം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. |
| (ഡി) | വരും സാമ്പത്തിക വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുൻഗണന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ സാമ്പത്തിക ബാധ്യത, അത് കണ്ടെത്താനുള്ള മാർഗങ്ങൾ എന്നിവ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് ഉതകുംവിധം ദീർഘവീക്ഷണത്തോടുകൂടി അടിസ്ഥാന സൗകര്യവികസന പദ്ധതികളും, ദേശീയപാത വികസനം ഉൾപ്പെടെയുള്ള റോഡ് വികസന പദ്ധതികളും, കൊച്ചിൻ മെട്രോ ഉൾപ്പെടെയുള്ള റെയിൽ വികസന പദ്ധതികളും, വാട്ടർമെട്രോ ഉൾപ്പെടെയുള്ള ജലഗതാഗത പദ്ധതികളും, വിവിധ തുറമുഖ വികസന പദ്ധതികളും കൂടാതെ കൃഷി, വിവര സാങ്കേതികം, ഉന്നത വിദ്യാഭ്യാസം. വിനോദസഞ്ചാരം മുതലായ മേഖലകളിലെ വികസന പദ്ധതികൾ എന്നിവയെല്ലാം സർക്കാർ വിജയകരമായി നടപ്പിലാക്കിവരുന്നു. വരും വർഷങ്ങളിലും ഇവ ഉൾപ്പെടെയുള്ള വിവിധ മുൻഗണനാ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ